# ഗവ.എച്ച്.എസ്.എസ്, കിളിമാനൂർ

കിളിമാനൂർ പി.ഒ, പിൻ : 695601, തിരുവനന്തപുരം

# സ്കൂൾ അക്കാദമിക്

# മാസ്റ്റർ പ്ലാൻ

# 2025– 26



# വിദ്യാലയം ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. എച്ച്.എസ്.എസ്, കിളിമാനൂർ |
| UDISE കോഡ് | : | 32140500301 |
| പഞ്ചായത്ത് | : | കിളിമാനൂർ |
| ഉപജില്ല | : | കിളിമാനൂർ |
| ബി.ആർ.സി | : | കിളിമാനൂർ |
| വിദ്യാഭ്യാസ ജില്ല | : | ആറ്റിങ്ങൽ |
| ജില്ല | : | തിരുവനന്തപുരം |
| സംസ്ഥാനം | : | കേരളം |
| പിൻകോഡ് | : | 695601 |
| ഫോൺ നമ്പർ | : | 04702673055 |
| ഇ മെയിൽ | : | ghsskilimanoor.kmr@gmil.com |
| സ്ഥാപിതം | : | 1907 |
| സ്കൂൾ കോഡ് | : | 42025 |
| താലൂക്ക് | : | ചിറയിൻകീഴ് |
| ബ്ലോക്ക് | : | വാമനപുരം |
| വാർഡ് | : | കിളിമാനൂർ |

# ഉള്ളടക്കം


1. ആമുഖം
2. മലയാളം
3. ഇംഗ്ലീഷ്
4. ഹിന്ദി
5. ഗണിതം
6. ശാസ്ത്രം
7. സാമൂഹ്യശാസ്ത്രം
8. ഐ.ടി
9. സംസ്കൃതം
10. അറബിക്
11. ആരോഗ്യകായിക വിദ്യാഭ്യാസം
12. കലാ വിദ്യാഭ്യാസം

# ആമുഖം

കിളിമാനൂരിന്റെ സാംസ്കാരികഭൂമികയിൽ മികവിന്റെ തിലകച്ചാർത്തണിഞ്ഞു നിൽക്കുന്ന വിദ്യാലയമാണ് കിളിമാനൂർ ഗവ : ഹയർ സെക്കന്ററി സ്കൂൾ. 1907–ൽ സ്ഥാപിതമായ ഈ വിദ്യാലയം എണ്ണമറ്റ മനുഷ്യയാത്രകൾക്ക് അക്ഷരവെട്ടം പകർന്ന തലമുറകളുടെ ചരിത്രസാക്ഷിയാണ്. വിവിധ മേഖലകളിൽ നിന്നെത്തുന്ന സാധാരണക്കാരായ കുട്ടികളുടെ അറിവിടം. നിരവധി പ്രതിഭകളെ ജീവിതത്തിന്റെ ഔന്നത്യത്തിലേയ്ക്ക് കൈപിടിച്ചുയർത്തിയ പാരമ്പര്യം. 2025–26 അധ്യയനവർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്ന് മോഡൽ സ്കൂളായി തിരഞ്ഞെടുക്കപ്പെട്ട ഏകവിദ്യാലയം.

പ്രിൻസിപ്പൽ, ഹെഡ്മാസ്റ്റർ, നൂറോളം അധ്യാപകർ, രണ്ട് ക്ലർക്ക്, രണ്ട് പ്യൂൺ, മൂന്ന് എഫ് ടി എം എന്നിവർ നിലവിലുണ്ട്. 2500 ലധികം വിദ്യാർത്ഥികൾ. എല്ലാ റൂട്ടുകളിലേയ്ക്കും വാഹനസൗകര്യം. സ്കൂൾ സെക്യൂരിറ്റി, ഡ്രൈവർ, ആയമാർ എന്നിവരുടെ സേവനം.

സംസ്ഥാന കായിക, ശാസ്ത്ര യുവജനോത്സവ ഗണിത ഐ.ടി പ്രവൃത്തി പരിചയമേളകളിൽ സ്ഥിരം സാന്നിധ്യവും സമ്മാനാർഹരുമായ വിദ്യാർത്ഥികൾ. യുവശാസ്ത്രജ്ഞരെ വാർത്തെടുക്കാൻ പര്യാപ്തമായ രീതിയിൽ പ്രവർത്തിക്കുന്ന വൈ. ഐ.പി പ്രോഗ്രാം. നൂതന സാങ്കേതികവിദ്യയായ റോബോട്ടിക്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയിൽ കഴിവു വികസിപ്പിക്കാൻ റ്റിങ്കറിംഗ് ലാബ് സൗകര്യം. എസ് പി സി, എൻ സി സി, ജെ ആർ സി , ലിറ്റിൽ കൈറ്റ്സ്, എൻ എസ് എസ്, സ്കൗട്ട് ആന്റ് ഗൈഡ് വിഭാഗങ്ങൾ. മികച്ച ലൈബ്രറിയും വിശാലമായ വായനാമുറിയും. ആധുനിക സൗകര്യമുള്ള ഇന്ററാക്ടീവു ഡിസ്പ്ലേ സ്ഥാപിച്ച ശിശുസൗഹൃദ ക്ലാസ് മുറി. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന നാല് കമ്പ്യൂട്ടർ ലാബുകൾ. ഗണിതം, കെമിസ്ട്രി, ഫിസിക്സ്, ബയോളജി, സോഷ്യൽ സയൻസ് ലാബുകൾ. പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം. വിശാലമായ കളിസ്ഥലവും പ്രത്യേക കായികപരിശീലനവും. ലൈബ്രേറിയൻ, സ്കൂൾ കൗൺസിലർ, സ്പേഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ സേവനം.

എസ് എസ് എൽ സി പരീക്ഷയിൽ 99.8 ശതമാനം വിജയവും 147ഫുൾ എ പ്ലസും. പ്ലസ് ടു പരീക്ഷയിൽ 77.66 ശതമാനം വിജയവും 70 ഫുൾ എ. പ്ലസും. USS, NMMS പരീക്ഷാ 59 വിജയികൾ. ചരിത്രവിജയങ്ങളുടെ ആവർത്തനവുമായി മികവുകളുടെ വരും വർഷത്തിലേക്ക്....

# പ്രതിസന്ധികളും പരിമിതികളും

കുട്ടികളുടെ സാമ്പത്തികവും സാമൂഹികവുമായ പിന്നാക്കാവസ്ഥ പഠനത്തിന് തടസ്സമാകാറുണ്ട്. ഇക്കാരണത്താൽ രക്ഷിതാക്കളുടെ പൂർണ്ണ സഹകരണം പലപ്പോഴും സ്കൂളിന് ലഭിക്കാറില്ല. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി കമ്പ്യൂട്ടറുകളും മറ്റ് ഉപകരണങ്ങളും ഇല്ലാത്ത അവസ്ഥയുണ്ട്. പകുതിയോളം മുറികൾ ഇനിയും സ്മാർട്ട് ക്ലാസ് റൂമുകളാവാനുണ്ട്. അടുക്കളയും ഭക്ഷണശാലയും ബയോഗ്യാസ് പ്ലാന്റും സ്കൂളിന്റെ അനിവാര്യതകളായി ഇപ്പോഴും ബാക്കി നിൽക്കുന്നു. വിശാലമായ കളി സ്ഥലത്തിന്റെ നവീകരണവും വളരെക്കാലമായുള്ള സ്വപ്നമായവശേഷിക്കുന്നു.

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. പത്താം ക്ലാസ് കഴിഞ്ഞ് പുറത്തുവരുന്ന എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളും ചതുഷ്ക്രിയകളും സ്വായത്തമാക്കി എന്ന് ഉറപ്പുവരുത്തുക.
4. കായിക കലാസാഹിത്യ ശാസ്ത്ര, ഗണിത പ്രവൃത്തി പരിചയ മേളകളിൽ സംസ്ഥാനതലത്തിലും ദേശീയ തലത്തിലും മികച്ച നേട്ടങ്ങൾ കൈവരിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ചിട്ടയായി നടപ്പിലാക്കി ലക്ഷ്യസ്ഥാനത്തിൽ എത്തിച്ചേരുക.
5. വായനയെ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്നും എഴുതുന്നുവെന്നും ഉറപ്പുവരുത്തുക.
6. എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമായ വിധം മികച്ച നിലയിൽ ആശയ വിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്ന് ഉറപ്പാക്കുക.
7. കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുക.
8. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
9. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടാൻ ആഗ്രഹിക്കുന്നു.
10. പൊതുവിജ്ഞാന രംഗത്ത് മികച്ച പ്രതിഭകളെ വാർത്തെടുക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക.
11. ആരോഗ്യം, ശുചിത്വം എന്നിവ പരിപാലിക്കേണ്ടത് പൗരന്റെ ചുമതലയാണെന്ന ബോധം വളർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക.
12. തൊഴിൽ നൈപുണ്യം വളർത്തുന്നതിനുതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
13. ഫലപ്രദമായ ആരോഗ്യകായിക പഠനത്തിലൂടെയും ചിട്ടയായ പരിശീലനത്തിലൂടെയും ആരോഗ്യവാന്മാരായ പുതിയ തലമുറയെ വാർത്തെടുക്കുക.

# UP ENGLISH
# Academic Master Plan
# 2025- 26

| Aims | Activities | Duration | Duty | Finance |
|---|---|---|---|---|
| 1. To improve listening skill | Listening power (ICT) | June - August | Class Teacher | |
| | English news channels and radio | | English teacher | |
| | Watching English, movie, documentary, interviews | | | |
| | Listening to phonetic skills. | | | |
| 2. To improve speaking skill | English day | June -August | Class teacher | |
| | English assembly | Daily | English teacher | |
| | Skill and conversation | | | |
| | Reading day celebration | | | |
| | Conducting short seminars, group discussions etc. | | | |
| | Games | | | |
| 3. To improve reading skill | Library | Daily | Class teacher | |
| | Reading corner in the class | Daily | English teacher | |
| | News paper reading | Daily | | |
| | Reading signboards and posters (ICT) | Daily | | |
| 4. To improve writing skills | English workshop | Monthly | Class teacher | 500 |
| | Dairy writing | December -March | English teacher | |
| | English magazine | Monthly | | |
| | Hand writing competition | Monthly | | |
| | Writing stories | Weekly | | |
| | Designing invitation cards (ICT) | Weekly | | |
| | Editing different discourses | Weekly | | |

| | | | | |
|---|---|---|---|---|
| 5. Developing creativity | Story Writing | weekly | Class teacher | |
| | Story competition game | weekly | English teacher | |
| | Poem writing | weekly | | |
| | Picture Story | weekly | | |
| | Poster making | weekly | | |
| | G-mail preparation (ICT) | weekly | | |
| | Greeting card making | weekly | | |
| 6. Developing Communication Skill | Skit | weekly | Class teacher | |
| | Roleplay | weekly | English teacher | |
| | English speaking day | monthly | | |
| | Conduction interviews | weekly | | |
| | Seminars and Debates | weekly | | |
| | Communication Development Programme | Once in ayear | RP | |

# യു.പി ഹിന്ദി
# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025– 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. 5, 6, 7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ.ഹിന്ദി അഞ്ചാം തരം മുതൽആരംഭിക്കുന്നതിനാൽ ഹിന്ദിഇഷ്ടപ്പെടാനും അക്ഷരങ്ങളെപരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. | ജൂൺ- ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
| 2. ഹിന്ദി വായന -തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും. ഹിന്ദി ചിത്രകഥകൾ ഉപയോഗിക്കും. വായനാക്കാർഡുകൾ ഉപയോഗിക്കും. | ജൂൺ- ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |
| 3. ഹിന്ദി സംസാരം-ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നതത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദിമാത്രം മിക്കവാറും ക്ലാസ്സുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും.<br><br>വായനയ്ക്ക് - ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും. കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും. മത്സരവായന നടത്തും. തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിയ്ക്ക് സമ്മാനം നൽകുന്നു. | ജൂൺ- സെപ്റ്റംബർ | ഹിന്ദി അധ്യാപകർ | |

# യു.പി ഗണിതം
# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025– 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | ഗണിത ശില്പശാല<br>കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. മുത്തുകൾ, കാർഡ് | ജൂൺ | ഗണിത അധ്യാപകർ | |
| 2. രസകരമായ ശാസ്ത്രപഠനവും കരചലനശേഷികളുടെ വികാസവും. | ഒറിഗാമി ശില്പശാല<br>വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ,പ്രദർശനം | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കാൻ. | വിദ്യാലയത്തിലെ ഗണിത ലാബിൽ വച്ച് ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകർ ക്ലബ് അംഗങ്ങൾ | |
| 4. ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകുക. | ഒരു പ്രാവശ്യം | ഗണിതക്ലബ്ബ് | പി.ടി.എ |
| 5. ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കാൻ. | ഗണിതത്തിൽ കൂടുതൽ പ്രാവീണ്യം ഉള്ള അധ്യാപകരെ കൊണ്ട് പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യം തോന്നുന്ന രീതിയിൽ ക്ലാസ് എടുക്കൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകർ | |
| 6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ഐ.ടി സാധ്യതകൾ<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കൊണ്ട് കുട്ടികളിലേക്ക് എത്തിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 7. ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു. | <u>ഗണിത ക്ലിനിക്ക്</u><br>ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മ കൾ കണ്ടെത്തി ആവശ്യമായ സാധനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8. വിവിധ ശേഷിക ളുടെ വികസനം | <u>ദിനാചരണം</u><br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, എസ്.ആർ.ജി - യിൽ രൂപപ്പെടു ത്തുന്നു. നിശ്ചിത ദിനങ്ങൾ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# യു.പി അടിസ്ഥാന ശാസ്ത്രം

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025– 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ ശാസ്ത്രത്തെ അറിയുക. | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കളു പയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷ ണങ്ങളിലൂടെ ശാസ്ത്രക്ലാസ്സുകൾ അവതരിപ്പി ക്കുന്നു.<br>പരീക്ഷണ കിറ്റ്<br>വീട്ടിൽ പരീക്ഷണം ചെയ്തു നോക്കാനായി പരീക്ഷണകിറ്റുകൾ തയ്യാറാക്കുന്നു.<br>ആദ്യ ടേം പാഠപുസ്തകവുമായി ബന്ധപ്പെട്ട് പ്രകൃതി ദത്ത സൂചകങ്ങൾ, ലിറ്റ്മസ് പേപ്പർ തുടങ്ങിയവ നിർ ക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ | രക്ഷിതാക്കൾ |
| 2. ശാസ്ത്രപ്രക്രിയാശേഷി വർദ്ധിപ്പിക്കുക. | സ്കൂൾതല ശാസ്ത്രോത്സവം<br>വിവിധ പരീക്ഷണങ്ങളുൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുക. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3. ശാസ്ത്രബോധം വളർത്തുക. | ശാസ്ത്രലൈബ്രറി<br>ശാസ്ത്ര അവബോധം വർദ്ധിപ്പിക്കാൻ ശാസ്ത്ര പുസ്തകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ശാസ്ത്രലൈബ്രറി. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| 4. പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ. | Atal Tinkering Laboratory പ്രയോജനപ്പെടുത്തി ഇലക്-ട്രോണിക്, റോബോട്ടിംഗ് ആശയങ്ങൾ എന്നിവ പരിചയ പ്പെടുത്തി നൽകുന്നു. സർക്യൂട്ട് നിർമ്മാണം എൽ.ഇ.ഡി കത്തിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# യു.പി സാമൂഹ്യശാസ്ത്രം
# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025– 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഗ്രാമ നഗര പ്രദേശങ്ങളുടെ സംരക്ഷണം പ്രോത്സാഹിപ്പിക്കുക. | ആൽബം തയ്യാറാക്കാം.<br>ഗ്രാമ നഗര പ്രദേശങ്ങളുടെചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കൽ.<br><br><u>ചിത്ര ആൽബം</u><br>വിവിധ ശിലായുഗ ഘട്ടങ്ങളിൽ മനുഷ്യർ ഉപയോഗിച്ചിരുന്ന ഉപകരണങ്ങളുടെ ചിത്ര ആൽബം തയ്യാറാക്കൽ.<br><u>വെർച്വൽ ഫീൽഡ് ട്രിപ്പ്</u><br>ഐ.സി.ടി സാധ്യതകൾ ഉപയോഗിച്ച് താജ്മഹൽ, ചെങ്കോട്ട, ഹംപി തുടങ്ങിയ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ഐ.സി.ടി സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നുയ<br>കഴിഞ്ഞ കാലങ്ങളിൽ ധാന്യസംഭരണത്തിനും ഭക്ഷണം പാകം ചെയ്യാനുമായി ഉപയോഗിച്ചിരുന്ന സംഭരണികൾ, പാത്രങ്ങൾ എന്നിവ ശേഖരിച്ച് വിദ്യാലയത്തിൽ ഒരു പ്രദർശനം ഒരുക്കുന്നു.<br><br><u>പതിപ്പ് തയ്യാറാക്കാം</u><br>പുരാതനലോകത്തെ രാഷ്ട്ര രൂപീകരണത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കൽ. | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3. സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച്, വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാകുന്നു.<br><br>ചിത്രപ്രദർശനം - യുദ്ധം, വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ മനുഷ്യനിർമ്മിതവും അല്ലാത്തതുമായ ദുരന്തങ്ങൾ ലോകത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്ക് ഭീഷണിയാകുന്ന ചിത്രങ്ങൾപ്രദർശിപ്പിക്കുന്നു. | ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 4. വിവരസാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെ സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരിക്കാൻ ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br><br>പോക്സോ ബോധവൽക്കരണ ക്ലാസ് - കുട്ടികളുടെ സുരക്ഷയും പോക്സോ നിയമവും എന്ന വിഷയത്തിൽ നിയമവിദഗ്ധരുടെ സഹായത്തോടെയുള്ള ബോധവൽക്കരണ ക്ലാസ്സ് | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 5. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ,കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുക | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | സുസ്ഥിര വികസനം ഉറപ്പാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന വിവിധ പദ്ധതികളെ കുറിച്ച് അന്വേഷിച്ചറിഞ്ഞ് ഒരു പ്രോജക്ട് തയ്യാറാക്കുക. | | | |
| 6. സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദ്ദേശീയ നിലവാരത്തിലെത്തിക്കുന്നു. | സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ, ക്ലാസ്സുകൾ ഇവ സംഘടിപ്പിക്കുന്നു. | നവംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 7. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# യു.പി സംസ്കൃതം
# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025– 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>യു.പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | <u>ഭാഷ ജ്ഞാനം</u><br>അക്ഷരം എഴുത്ത്<br>ചിഹ്നം ഉറപ്പിക്കൽ<br>അക്ഷര കാർഡ്<br>വാക്കുകൾ എഴുതിയ കാർഡ്<br>ക്ലാസിൽ അക്ഷരമാല പ്രദർശനം<br>അക്ഷരമാല കളികൾ<br>അക്ഷരമരം നിർമ്മിക്കൽ<br>കാർട്ടൂൺ പ്രദർശനം<br>പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ - ഓഗസ്റ്റ് | അക്ഷരചാർട്ട്<br>പാഠപുസ്തം<br><br>ഐ.സി.ടി | പി.ടി.എ<br>റിസോഴ്സ്<br>അധ്യാപിക |
| | <u>പറയാം പഠിക്കാം</u><br>ചിത്രങ്ങളുടെ പേര് പറയൽ<br>ചിത്രകഥകൾ<br><br>ലഘുസംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ - ജൂലൈ | സംസ്കൃത<br>കഥാപുസ്തകം<br>ഐ.സി.ടി | റിസോഴ്സ്<br>അധ്യാപിക |
| 2. വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക) | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br><br>ഐ.സി.ടി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ- ഒക്ടോബർ | സംസ്കൃതം<br>നിഘണ്ടു | |
| 3. <u>വായനാലോകം</u> (കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടു | തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക. | | | |

| | | | | |
|---|---|---|---|---|
| വരൽ) | ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക.<br><br>വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക.<br><br>കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6 മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ | ക്ലബ്ബ് രൂപീകരണം<br>പഠനോപകരണ നിർമ്മാണം<br>കലണ്ടർ നിർമ്മാണം<br>ഗൃഹ സന്ദർശനം<br>പഠനയാത്ര | ജൂൺ - മാർച്ച് | ചാർട്ട്<br>ചിത്രം | റിസോഴ്സ് അധ്യാപിക |
| 5. മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>മാതൃകാ ചോദ്യപേപ്പറുകൾ തയാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |
| 6. <u>ആസ്വാദന ലോകം</u><br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി | നാടകം, കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br><br>പറയാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ<br><br>മാസത്തിൽ ഒരു തവണ<br><br>ആസ്വാദന സഭ ചേരുന്നു. | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം | | | |
| 7. പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>പ്രത്യേകം ക്ലാസ്സുകൾ നൽകുന്നു.<br>ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |
| 8. ക്ലാസ്റൂം ആകർഷകമാക്കുന്നതിന്. | പെയിന്റിംഗ്<br>ലൈബ്രറി ഒരുക്കുന്നു.<br>സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

# യു.പി അറബിക്
# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025– 26

## പ്രധാന ലക്ഷ്യങ്ങൾ

1. ശബ്ദജ്ഞാനം (Phonetics) :

   അറബി അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണവും ശബ്ദവും തിരിച്ചറിയാനും ഉച്ചരിക്കാനും പഠിപ്പിക്കുക.

2. പദസമ്പത്ത് വികസിപ്പിക്കൽ (Vocabulary Skills) :

   അടിസ്ഥാനപരമായ അറബിവാക്കുകളും ശൈലികളും പരിചയപ്പെടുത്തുകയും അവ നിത്യജീവിതത്തിൽ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

3. സംഭാഷണ ശേഷി (Conversational Skills) :

   ലളിതമായ അറബി വാക്യങ്ങളിൽ സംഭാഷണത്തിൽ ഏർപ്പെടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക

4. വായനാശേഷി (Reading Skills) :

   ലളിതമായ അറബിവാക്യങ്ങളും ചെറിയ ഖണ്ഡികകളും വായിച്ച് മനസ്സിലാക്കുവാനുള്ള കഴിവ് വളർത്തുക.

5. എഴുത്തു ശേഷി (Writing skills) :

   അറബി അക്ഷരങ്ങൾ ശരിയായി എഴുതാനും ലളിതമായ വാക്കുകളും വാക്യങ്ങളും നിർമ്മിക്കാനും പഠിപ്പിക്കുക.

6. വ്യാകരണത്തിന്റെ അടിസ്ഥാനങ്ങൾ (Basic Grammar) :

   അറബി വ്യാകരണത്തിന്റെ അടിസ്ഥാനതത്വങ്ങൾ ലളിതമായി പരിചയപ്പെടുത്തുക.

7. സാംസ്കാരിക അവബോധം (Cultural Awareness) :

   അറബി ഭാഷയുമായി ബന്ധപ്പെട്ട സംസ്കാരങ്ങളെയും പാരമ്പര്യങ്ങളെയും കുറിച്ച് അവബോധം നൽകുക.

## ക്ലാസ് തലത്തിലുള്ള ലക്ഷ്യങ്ങൾ

### ക്ലാസ്സ് 5

- അറബി അക്ഷരങ്ങൾ ശരിയായി ഉപയോഗിക്കാനും എഴുതാനും പഠിക്കുക.
- ഒറ്റ അക്ഷരങ്ങളും ലളിതമായ രണ്ടോ മൂന്നോ അക്ഷരങ്ങളുടെ വാക്കുകളും തിരിച്ചറിയുക.
- അടിസ്ഥാനപരമായ അഭിവാദ്യങ്ങളും വ്യക്തിഗത വിവരങ്ങളും അറബിയിൽ പറയാൻ പഠിക്കുക.( ഉദാ - പേര്, വയസ്സ്)
- ചിത്രങ്ങൾ ഉപയോഗിച്ച് ലളിതമായ അറബി വാക്കുകൾ പഠിക്കുക.
- ചെറിയപാട്ടുകളും ലളിതമായ സംഭാഷണങ്ങളും കേട്ട് മനസ്സിലാക്കാൻ ശ്രമിക്കുക.

### ക്ലാസ്സ് 6

- ചെറിയ അറബി വാക്യങ്ങൾ വായിച്ച് അർത്ഥം മനസ്സിലാക്കാൻ ശ്രമിക്കുക.
- അടിസ്ഥാനപരമായ വാക്കുകളുടെയും ശൈലികളുടെയും പദസമ്പത്ത് വർദ്ധിപ്പിക്കുക.
- ലളിതമായ ചോദ്യങ്ങൾക്ക് അറബിയിൽ മറുപടി പറയാനും ചോദ്യങ്ങൾ ചോദിക്കാനും പഠിക്കുക.
- ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകളും വാക്യങ്ങളും പരിചയപ്പെടുത്തുക. (ഉദാ - ഭക്ഷണം, സ്കൂൾ - കുടുംബം)
- ചെറിയ ഖണ്ഡികകൾ വായിച്ച് പ്രധാന ആശയങ്ങൾ മനസ്സിലാക്കുക.
- ലളിതമായ അറബി വാക്യങ്ങൾ സ്വയം എഴുതാൻ ശ്രമിക്കുക.

### ക്ലാസ്സ് 7

- കൂടുതൽ സങ്കീർണ്ണമായ അറബി വാക്യങ്ങളും ചെറിയകഥകളും വായിച്ച് മനസ്സിലാക്കുക.
- പദസമ്പത്ത് കൂടുതൽ വികസിപ്പിക്കുക.
- വിവിധ സാഹചര്യങ്ങളിൽ അറബിയിൽ സംഭാഷണത്തിൽ ഏർപ്പെടാൻ പരിശീലിക്കുക.
- അടിസ്ഥാനപരമായ വ്യാകരണ നിയമങ്ങൾ (ഉദാ - ഏകവചനം/ ബഹുവചനം/ സ്ത്രീലിംഗം/ പുല്ലിംഗം) മനസ്സിലാക്കുക.
- ചെറിയ വിവരണങ്ങളും കത്തുകളും അറബിയിൽ എഴുതാൻ ശ്രമിക്കുക.
- അറബി ഭാഷാ പാട്ടുകളും വീഡിയോകളും കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കുക.

## പഠനസാമഗ്രികൾ ( Pedagogical Approach)

1. സംവേദാത്മക പഠനം (Interactive Learning) :

   ചോദ്യോത്തരങ്ങൾ,സംഭാഷണങ്ങൾ, റോൾപ്ലേ എന്നിവയിലൂടെ ഭാഷാപഠനം സജീവമാക്കുക.

2. കളിയിലൂടെ പഠനം (Play Way Method) :

   ഗെയിമുകൾ, പസിലുകൾ, പാട്ടുകൾ എന്നിവ ഉപയോഗിച്ച് അറബിഭാഷ രസകരമാക്കുക.

3. ദൃശ്യ - ശ്രാവ്യ പഠനം (Audio -Visual Aids) :

   ചിത്രങ്ങൾ, വീഡിയോകൾ, ഓഡിയോക്ലിപ്പുകൾ എന്നിവ പരമാവധി ഉപയോഗപ്പെടുത്തുക

4. കഥ പറച്ചിൽ (Story Telling) :

   ലളിതമായ അറബിക്കഥകൾ പറഞ്ഞ് കേൾപ്പിക്കുകയും വായിക്കുകയും ചെയ്യുക.

5. ഗ്രൂപ്പ് പ്രവർത്തനങ്ങൾ (Group Activities) :

   വിദ്യാർത്ഥികളെ ഗ്രൂപ്പുകളായിതിരിച്ച് സംഭാഷണം, വായന, എഴുത്ത് എന്നിവ പരിശീലിപ്പിക്കുക.

6. സാങ്കേതികവിദ്യയുടെ ഉപയോഗം (Technology Integration) :

അറബി ഭാഷാ പഠനത്തിനുള്ള ആപ്ലിക്കേഷനുകൾ, വെബ്സൈറ്റുകൾ, ഓൺലൈൻ നിഘണ്ടു എന്നിവ പരിചയപ്പെടുത്തുക.

7. ആശയവിനിമയത്തിലൂന്നിയ പഠനം (Communicative Approach) :

ഭാഷയെ ആശയ വിനിമയത്തിനുള്ള ഉപാധിയായി കണ്ട് സംഭാഷണ ശേഷിക്ക് പ്രാധാന്യം നൽകുക.

8. പദ്ധതി - അധിഷ്ഠിത പഠനം (Project Based Learning) :

അറബി ഭാഷയുമായി ബന്ധപ്പെട്ട ചെറിയ പ്രോജക്ടുകൾ നൽകുക. (ഉദാ - അറബിപദസമ്പത്ത് - ചാർട്ട് ഉണ്ടാക്കുക, ഒരു ചെറിയ സംഭാഷണം അവതരിപ്പിക്കുക)

## മൂല്യനിർണയം ( Assessment)

തുടർച്ചയായ മൂല്യനിർണയം (Continuous Assessment) ക്ലാസ്റൂം പ്രവർത്തനങ്ങൾ, പങ്കാളിത്തം, നോട്ട്ബുക്ക് പരിശോധന എന്നിവയിലൂടെനിരന്തരമായ വിലയിരുത്തൽ.

- ഫോർമേറ്റീവ് മൂല്യനിർണ്ണയം

  ക്വിസുകൾ, ചെറിയ ടെസ്റ്റുകൾ, വ്യാപക പരീക്ഷകൾ എന്നിവയിലൂടെ പഠന പുരോഗതി വിലയിരുത്തുക.

- സമ്മേറ്റീവ് മൂല്യനിർണയം

  പരീക്ഷകളിലൂടെയും പ്രധാന ടെസ്റ്റുകളിലൂടെയും അന്തിമ പഠനനേട്ടം വിലയിരുത്തുക.

- നാല് ഭാഷാ ശേഷികളുടെയും വിലയിരുത്തൽ, കേൾക്കൽ, സംസാരം, വായന, എഴുത്ത് എന്നീ ശേഷികൾക്ക് തുല്യപ്രാധാന്യം നൽകി വിലയിരുത്തൽ നടത്തുക.

## പഠനസാമഗ്രികൾ ( Learning Materials)

- പാഠപുസ്തകങ്ങൾ - ഓഡിയോ വിഷ്വൽ സാമഗ്രികൾ, ചിത്രങ്ങൾ, ഫ്ളാഷ് കാർഡുകൾ, ഓഡിയോ ടേപ്പുകൾ, വീഡിയോകൾ
- ഡിജിറ്റൽ പഠന സാമഗ്രികൾ (അറബിക് ആപ്പുകൾ - വെബ് പേജുകൾ)
- അറബി കഥാപുസ്തകങ്ങൾ (ലളിതമായവ)
- നിഘണ്ടുകൾ - ഇംഗ്ലീഷ് - അറബി - മലയാളം - അറബിക്
- കളിപ്പാട്ടങ്ങളും ഗെയിമുകളും (അറബി അക്ഷരങ്ങൾ, വാക്കുകൾ എന്നിവ ഉൾക്കൊള്ളുന്നത്)

## പ്രവർത്തന കലണ്ടർ ( Activity Calendar)

- ആഴ്ചതോറും - സംഭാഷണ ക്ലാസ്സുകൾ, പദസമ്പത്ത് പഠനം, ലളിതമായ വായന, എഴുത്ത്, പരിശീലനം
- മാസത്തിലൊരിക്കൽ - അറബിഗാനം/ കഥ അവതരണം, ചെറിയ ക്വിസ് - റോൾപ്ലേ

## അധ്യയന വർഷത്തിൽ

- വായനാദിനവുമായി ബന്ധപ്പെട്ട് അറബി ലൈബ്രറി ബുക്കുകൾ വായിച്ച് വായനാ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ

  ശില്പശാല :

  അറബി ഭാഷാ ദിനാചരണം, ചെറിയ ക്വിസ് മത്സരം

  - അറബി കവിതാപാരായണം
  - പ്രസംഗ മത്സരങ്ങൾ
  - അറബി ഭാഷാ പ്രദർശനം
  - അറബിക് സാഹിത്യോത്സവം

**<u>പ്രതിബന്ധങ്ങളും പരിഹാരങ്ങളും</u>** <u>( Challenges and Solutions)</u>

- വെല്ലുവിളി - വിദ്യാർത്ഥികൾക്ക് അറബി ഭാഷയോടുള്ള താൽപര്യക്കുറവ്
- പരിഹാരം - രസകരമായ പഠനരീതികൾ - കളിയിലൂടെ പഠനം
- പ്രായോഗിക ഉപയോഗത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കൽ.

**<u>വെല്ലുവിളി</u>**

- പരിമിതമായ പഠന സാമഗ്രികൾ

  പരിഹാരം - ഡിജിറ്റൽ സാമഗ്രികൾ ഉപയോഗിക്കുക. അധ്യാപകർക്ക് സ്വന്തമായി സാമഗ്രികൾ നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കുക.

**<u>വെല്ലുവിളി</u>**

- അറബി ഭാഷാ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കാനുള്ള സാഹചര്യങ്ങളുടെ അഭാവം.

  പരിഹാരം - സ്കൂൾ അറബിക്ലബ്ബുകൾ രൂപീകരിക്കുക, അറബി ഭാഷ ദിനാചരണങ്ങൾ സംഘടിപ്പിക്കുക, ലളിതമായ അറബി സംഭാഷണങ്ങൾ ക്ലാസിൽ പ്രോത്സാഹിപ്പിക്കുക.

# ഹൈസ്കൂൾ ഹിന്ദി
# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025– 26

# പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പ് വരുത്തുക.
- ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവുമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികളിൽ ഭാഷാസ്നേഹം വളർത്തിയെടുക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.



31

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1. അക്ഷരം, ചിഹ്നം, തുടങ്ങിയവ തിരിച്ചറിയുവാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്തുവാനും പഠിപ്പിക്കുന്നു. | അക്ഷരമാല കാർഡ് നൽകുന്നു.<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br><br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതൽ പരിചയപ്പെടുത്തുന്നു | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| 2. ആഴ്ചയുടെ പേരുകൾ, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനന ത്തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു.<br>വർക്ക് ഷിറ്റുകൾ നൽകുന്നു.<br>ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യം<br>ഓഗസ്റ്റ് - സെപ്റ്റംബർ |
| 3. ഹിന്ദി അനായാസം എഴുതുവാനും വായിപ്പിക്കുവാനും പരിശീലിപ്പിക്കുന്ന വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി, എന്നിവ നൽകുന്നു. | ദീർഘകാലം<br>ഡിസംബർ - ജനുവരി |
| കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ നൽകുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| 4. ഹിന്ദി എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | |
| പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |

| | | |
|---|---|---|
| 5. നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസി ലാക്കുന്നു.<br>വാക്യഘടന പരിചയപ്പെടുത്തുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നാമം, സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>ചെറിയ കഥ, കവിത പൂരിപ്പിക്കുവാൻ നൽകുന്നു.<br>ക്ലാസ്സിൽ മൂല്യനിർണയം നടത്തുന്നു.<br>സൂചനാബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശി പ്പിക്കുന്നു. | മധ്യം<br>ആഗസ്റ്റ് - സെപ്റ്റംബർ |
| 6. പോസ്റ്റർ തയ്യാറാക്കാൻ അറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു.<br>ക്ലാസ്സിൽ പ്രവർത്തിപ്പിച്ച് മൂല്യനിർണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. | ദീർഘകാലം<br>ഒക്ടോബർ - നവംബർ<br>ഡിസംബർ - ജനുവരി |
| 7. കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യത്തോടെ വസ്തുക്കളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു.<br>സന്ദർഭോചിതമായ സംഭാഷനം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| 8. സാഹിത്യാഭിരുചി വളർത്തുക. ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. | പദ്യം ചൊല്ലൽ, കഥ,കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>ആഗസ്റ്റ് - സെപ്റ്റംബർ-ഒക്ടോബർ |
| 9. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.<br>കതയെ തിരക്കഥയായി മാറ്റുവാൻ അറിയുന്നു.<br>സ്വഭാവസവിശേഷതകളിൽ കുറിപ്പ് തയ്യാറാക്കാൻ അറിയുന്നു. ഡയറി എഴുതാനറിയുന്നു. | പാഠഭാഗങ്ങളിലെ സന്ദർഭങ്ങൾ നൽകുന്നു.<br>കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ നൽകുന്നു. എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘകാലം<br>നവംബർ - ജനുവരി |

# ഹൈസ്കൂൾ ഗണിതം
# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025– 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ - ഗണിത ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ<br>മുന്നാക്കം നിൽക്കുന്ന കുട്ടികൾ | |
| 2. നിർമ്മിതിയിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സ്, ശില്പശാലകൾ | ജൂൺ ആദ്യവാരം<br>തുടർപ്രവർത്തനം | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാന്റ് |
| 3. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ<br>ഒരെണ്ണം എന്ന രീതിയിൽ | അധ്യാപകർ<br>പി.ടി.എ | പി.ടി.എ ഫണ്ട് |
| 4. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു.<br>ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം<br>ഒന്ന് | അധ്യാപകർ<br>ഗണിത ക്ലബ്ബ് | പി.ടി.എ |
| 5. സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർപ്രവർത്തനം | അധ്യാപകർ<br>സംഘത്തലവൻ | |
| 6. അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയക്ലാസ്സ് മുതലുള്ള തുടർപ്രവർത്തനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ,ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം<br>തുടർപ്രവർത്തനം | വിഷയസമിതി<br>കൺവീനർ<br>അധ്യാപകർ | |
| 7. ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിതഗ്രാമം : കുട്ടികളും അധ്യാപകരും സമീപത്തുള്ള പ്രദേശങ്ങളിലെ മറ്റ് ഗണിത അധ്യാപകരും ചേർന്ന കൂട്ടായ്മ. | ശനിയാഴ്ചകളിലും<br>മറ്റ് അവധി ദിനങ്ങളിലും | അധ്യാപകർ | പി.ടി.എ<br>ഗണിത ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| 8. ഗണിത മത്സരവേദിയിലേക്ക് മേള കളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ,പി.ടി.എ | പി.ടി.എ |
| 9. ഗണിതലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | ജൂൺ - ജൂലൈ | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ,പി.ടി.എ | പി.ടി.എ |
| 10. രക്ഷിതാക്കളെ ബോധവൽ ക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്നു | മാസത്തിൽ ഒന്ന് | അധ്യാപകർ,എച്ച്.എം പി.ടി.എ പ്രസിഡന്റ് | |

# ഹൈസ്കൂൾ ശാസ്ത്രം
# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025– 26

1. ശാസ്ത്രലൈബ്രറി മേഖല : അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ♦ ശാസ്ത്രാവബോധം വളർത്തുന്നതിനും സ്വയം പഠനം പ്രാവർത്തികമാക്കുന്നതിനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുക. | ശാസ്ത്രവുമായി ബന്ധപ്പെട്ട ആനുകാലിക പ്രസിദ്ധീകരണങ്ങൾ വരുത്തുക. | 1 വർഷം | സയൻസ് അധ്യാപകർ | 20000 |
| ♦ ജനങ്ങളിൽ ശാസ്ത്രീയ അഭിരുചിയും ശേഷികളും വളർത്തുക. | ശാസ്ത്രവുമായി ബന്ധപ്പെട്ട് പുസ്തക കാറ്റലോഗ് നിർമ്മിക്കുക. | | സയൻസ് ക്ലബ്ബ് | |
| ♦ സ്വയം പഠനം പ്രാവർത്തികമാക്കുക. | ശാസ്ത്ര മാഗസിൻ തയ്യാറാക്കുക. | | | |

**2. ഊർജസംരക്ഷണം**

**മേഖല : അക്കാദമികം/ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ♦ ഊർജപ്രതിസന്ധിയുടെ പ്രത്യാഘാതങ്ങൾ മനസ്സിലാക്കുക.<br>♦ വിദ്യാലയത്തെ ഊർജ സ്വയം പര്യാപ്തമാക്കുക | ഊർജ സംരക്ഷണത്തിന്റെ വിവിധ മാർഗ്ഗങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക<br>മഴവെള്ള സംഭരണി നിർമ്മാണം<br>സൗരോർജ പാനൽ നിർമ്മാണം | 1 വർഷം | സയൻസ് ക്ലബ്ബ് | 10000 |

**3. അടുക്കളത്തോട്ടം**

**മേഖല : അക്കാദമികം/ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ♦ വിഷരഹിത പച്ചക്കറിയുടെ പ്രാധാന്യം മനസ്സിലാക്കൽ | പച്ചക്കറിത്തൈകൾ വിതരണം<br>കൃഷി ചെയ്യേണ്ട രീതികൾ, വളപ്രയോഗം, കീടനിയന്ത്രണം ഇവയെക്കുറിച്ച് ബോധവൽക്കരണം | 1 വർഷം | പരിസ്ഥിതി ക്ലബ്ബ് | 20000 |

## 4. ബോട്ടാണിക്കൽ ഗാർഡൻ/ ശലഭോദ്യാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ♦ ജൈവ വൈവിധ്യ സംരക്ഷണം | അലങ്കാര സസ്യങ്ങൾ, ഔഷധസസ്യങ്ങൾ എന്നിവ ഉൾപ്പെടുത്തി സ്കൂളിൽ ഒരു തോട്ട നിർമ്മാണം | 1 വർഷം | അധ്യാപകർ<br>കുട്ടികൾ | 10000 |

## 5. ഫീൽഡ് ട്രിപ്പ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ♦ നേരിട്ടുള്ള അനുഭവങ്ങളിലൂടെ ശാസ്ത്രാഭിരുചി വളർത്തുക. | ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ച് യാത്രാക്കുറിപ്പ് തയ്യാറാക്കുക. | വർഷത്തിൽ ഒന്ന് | സയൻസ് ക്ലബ്ബ്<br>എസ്.എം.സി | 10000 |

## 6. ശാസ്ത്രോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ♦ ശാസ്ത്രീയ മനോഭാവം വളർത്തുക.<br>♦ പരീക്ഷണം, നിരീക്ഷണപാടവം വികസിപ്പിക്കുക.<br>♦ ശാസ്ത്രതത്വങ്ങൾ തിരിച്ചറിയുക | ശാസ്ത്രക്വിസ്, ടാലന്റ് സെർച്ച് മാതൃകകൾ നിർമ്മിച്ച് പ്രദർശിപ്പിക്കുക<br>പ്രോജക്ട് അവതരണം<br>ചിത്ര പ്രദർശനം | 1 വർഷം | സയൻസ് ക്ലബ്ബ്<br>പരിസ്ഥിതി ക്ലബ്ബ് | 10000 |

## 7. ശാസ്ത്രലാബ് സൗകര്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ♦ സയൻസ് ലാബ്, ടിങ്കറിംഗ് ലാബ് എന്നിവയുടെ ഉപയോഗത്തിലൂടെ ശാസ്ത്രബോധം വളർത്തുക. | ക്ലാസ്സുകളിൽ ശാസ്ത്രലൈബ്രറി, സയൻസ് മാഗസിൻ നിർമ്മാണം, സയൻസ് ലാബ്, ഐ.ടി ലാബ്, ടിങ്കറിംഗ് ലാബ് എന്നിവയുടെ ഉപയോഗം ത്വരിതപ്പെടുത്തുക. അതുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുക. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ സയൻസ് ക്ലബ്ബ് | 10000 |

## 8. പരിസ്ഥിതി ക്ലബ്ബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ♦ പരിസ്ഥിതി സൗഹൃദ അന്തരീക്ഷം വളർത്തുക. നേരറിവ് നേടുക. | വെജിറ്റബിൾ ക്ലബ്ബ്, ഹരിതക്ലബ്ബ് ,ശലഭോദ്യാനം എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നേർ അനുഭവങ്ങൾ നേടുക. | അക്കാദമിക വർഷം | അധ്യാപകർ | 5000 |

## 9. ഒരു മരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ♦ കുട്ടികളിൽ പ്രകൃതി സ്നേഹം വളർത്തുക | മരങ്ങൾ വച്ചുപിടിപ്പിക്കുക, മരത്തിന്റെ പേര്, പ്രാധാന്യം, ചിത്രീകരിക്കുക. കൃഷിഭവനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | 1 വർഷം | പരിസ്ഥിതി ക്ലബ്ബ് | 10000 |

## 10. ഇലക്ട്രോണിക്സ് ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ♦ ഇലക്ട്രോണിക്സ് മേഖലയിൽ ഉണ്ടായ മുന്നേറ്റം കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക. | മുറി സജീകരിച്ച് ഇലക്ട്രോണിക്സ് കിറ്റ് തയ്യാറാക്കുക. ക്ലാസ്സുകൾ നൽകുക. | 1 വർഷം | സയൻസ് ക്ലബ്ബ് പ്രവൃത്തി പരിചയ ക്ലബ്ബ് | 20000 |

## 11. ശാസ്ത്ര സെമിനാർ/ പ്രോജക്ട്/ ശാസ്ത്രപരീക്ഷണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ♦ നിരീക്ഷണപാടവം, പരീക്ഷണം എന്നിവ ചെയ്യാനുള്ള കഴിവ് എന്നിവ പരിപോഷിപ്പിക്കുക. | ലഘുപരീക്ഷണങ്ങൾ മോഡലുകളുടെനിർമ്മാണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | 10000 |
| ♦ ശാസ്ത്രലോകത്തിലെ പുതിയ ആശയങ്ങളെ കുറിച്ച് നിരന്തരം അന്വേഷണം നടത്തുകയും അവയെ വിശകലനം ചെയ്ത് പുതിയ ആശയങ്ങൾ രൂപീകരിക്കാനുള്ള കഴിവ് നേടുകയും ചെയ്യുന്നു. | ക്ലാസ്സുകളിൽ സെമിനാർ, പ്രോജക്ട് അവതരണം സ്വയം നിർമ്മിച്ച ശാസ്ത്ര ഉപകരണങ്ങളുടെ പ്രദർശനം ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുക. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ കുട്ടികൾ | 5000 |

# ഹൈസ്കൂൾ അറബിക്
# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025– 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. അറബി അനായാസം വായിക്കാനും എഴുതാനുമുള്ള കഴിവ് വളർത്തിയെടുക്കുവാൻ<br><br>കുട്ടികളുടെ മുന്നറിവ്-കഴിവുകൾ തിരിച്ചറിയൽ | മുന്നറിവ് പരിശോധിക്കാൻ പ്രീ ടെസ്റ്റ് (വായനാക്കാർഡ് വായിക്കൽ)<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>എഴുത്ത് പരിശീലനം<br>അറബി നിഘണ്ടുവിലെ പുതിയവാക്കുകൾ പരിചയപ്പെടുത്തൽ. | ജൂൺ - ജൂലൈ | ഭാഷാധ്യാപകൻ | പി.ടി.എ,<br>എസ്.ആർ.ജി |
| 2. വായന - കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക. വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക - നല്ല വായനക്കാരനാക്കുക | ജൂൺ 19 വായനദിന പരിപാടി സംഘടിപ്പിക്കുന്നു.<br>വായനാക്വിസ്, വായനാമത്സരം. അറബിക് ക്ലാസ് ലൈബ്രറി ശാക്തീകരണം, ലൈബ്രറി കാര്യക്ഷമമാക്കുന്നു.<br>പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>പരിചയപ്പെടുത്തുന്നു. കഥകൾ,കവിതകൾ,ചിത്രകഥകൾ തുടങ്ങിയ വായനാകോർണർ ക്ലാസിൽ സ്ഥാപിക്കുന്നു. | 6 മാസം<br>ജൂൺ - നവംബർ | സ്കൂൾ, ക്ലാസ് ലൈബ്രറി<br>പുസ്തകങ്ങൾ<br>പത്രങ്ങൾ | ബി.ആർ.സി<br>പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥി-പിന്തുണ. |
| 3. വായനയിലും ഭാഷാശേഷി വർദ്ധിപ്പിക്കാൻ ക്ലാസ്സുകളിൽ സാഹചര്യമൊരുക്കൽ. | ക്ലാസ്സ് വായനാമത്സരം<br>ക്ലാസ്സ് ലൈബ്രറിയുടെ ഉപയോഗം<br>വായനാക്കുറിപ്പ് തയ്യാറാക്കൽ<br>അറബി പത്ര വായന | 4 മാസം | ഭാഷാധ്യാപകൻ | പി.ടി.എ<br>എസ്.ആർ.ജി<br>അധ്യാപകൻ |
| 4. എഴുത്തിലൂടെ ഭാഷാശേഷി വർദ്ധിപ്പിക്കൽ | കൈയ്യെഴുത്ത് മത്സരം<br>ചുമർ പത്രിക ഒരുക്കൽ, പതിപ്പ് നിർമ്മാണം<br><br>കാലിഗ്രാഫി ലിപികൾ ലളിതമായ പരിചയപ്പെടൽ | ഒരു വർഷം | ഭാഷാധ്യാപകൻ | എസ്.ആർ.ജി<br>പി.ടി.എ |
| 5. ഡിസംബർ 18 - അറബിഭാഷാ ദിനം ആഘോഷിക്കൽ | പ്രഗത്ഭരെ ഉൾപ്പെടുത്തി കൊണ്ട് കൊച്ചു സെമിനാർ<br>പാഠപുസ്തക പ്രദർശനം<br>പോസ്റ്റർ - വീഡിയോ പ്രദർശനം | ഡിസംബർ | ഭാഷാധ്യാപകൻ | പി.ടി.എ |

| | | | | |
|---|---|---|---|---|
| 6. സർഗവാസനകളുടെ പരിപോഷണം | അറബി സാഹിത്യസദസ്സ് ,അറബി സാഹിത്യമത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിൽ- പരിശീലനം നൽകൽ | | ഭാഷാധ്യാപകൻ | പി.ടി.എ പൂർവവിദ്യാർത്ഥി കൂട്ടം |
| 7. പ്രതിഭകളെ കണ്ടെത്തൽ | പ്രതിഭകളെ കണ്ടെത്താൻ സാഹിത്യോത്സവം.<br>സ്കൂൾ കലോത്സവ ഇനങ്ങളിൽ എല്ലാ ഇനങ്ങളിലും കുട്ടികൾക്ക് പ്രാക്ടീസ് നൽകൽ<br>മത്സരം നടത്തൽ | | അധ്യാപകൻ | പി.ടി.എ പൂർവവിദ്യാർത്ഥി കൂട്ടം |
| 8. ഭാഷാപഠനത്തിൽ ഐ.സി.ടി സാധ്യതകൾ പ്രയോദനപ്പെടുത്തൽ. | അറബിക് ഭാഷയിൽ ലളിതമായി ഫോണിൽ ചാറ്റിംഗ്<br>അറബി ഭാഷാ പദങ്ങൾ പരമാവധി ഉപയോഗിക്കാൻ ടാസ്ക് കൊടുക്കൽ - പ്രോത്സാഹിപ്പിക്കൽ<br>സി.ഡി മുതലായവ ഉപയോഗപ്പെടുത്തുക. | ജൂൺ - ജൂലൈ | അധ്യാപകൻ | |
| 9. ദിനാചരണങ്ങൾ പ്രധാന ദിനാചരണങ്ങളെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ ഉണ്ടാക്കൽ | പ്രധാനപ്പെട്ട ദിനാചരണങ്ങൾ നടത്തുകയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, പോസ്റ്റർ,ക്വിസ് എന്നിവ നടത്തുന്നു.<br>ബന്ധപ്പെട്ട വീഡിയോകൾ പ്രദർശിപ്പിക്കുന്നു. | | അധ്യാപകൻ | |
| 10. അറബിയിൽ പിന്നാക്കക്കാരെ മുഖ്യധാരയിലെത്തിക്കൽ | അധിക സമയ ക്ലാസ്സ് സംഘടിപ്പിക്കൽ<br>മോട്ടിവേഷൻ, പരിഹാര ബോധനം | | ഭാഷാധ്യാപകൻ | പി.ടി.എ പൂർവ്വ വിദ്യാർത്ഥി കൂട്ടം |

# ഹൈസ്കൂൾ സോഷ്യൽ സയൻസ്
# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025– 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ്സ് | ചുമതല |
|---|---|---|---|---|
| 1. പരിസ്ഥിതി സംരക്ഷണം | പരിസ്ഥിതി ദിനാചരണം, പച്ചക്കറിത്തോട്ട നിർമ്മാണം പരിപാലനം | ജൂൺ- മാർച്ച് | 5-10 | സാമൂഹ്യശാസ്ത്ര ക്ലബ്ബ്, പി.ടി.എ, എസ്.എം.സി |
| 2. ലഹരിവിരുദ്ധ മനോഭാവം | ബോധവൽക്കരണക്ലാസ്സ് | ജൂൺ -ജൂലൈ | 5-10 | എല്ലാ കുട്ടികളും പി.ടി.എ, എസ്.എം.സി |
| 3. സാമൂഹ്യബോധം, ദേശീയബോധം എന്നിവ വളർത്തൽ | ദിനാചരണങ്ങൾ, പ്രത്യേക അസംബ്ലി, ബോധവൽക്കരണ പ്രവർത്തനം. | ജൂൺ -മാർച്ച് | 5-10 | എല്ലാ കുട്ടികളും അധ്യാപകർ പി.ടി.എ, എസ്.എം.സി |
| 4. പൊതുവിജ്ഞാനം, ആനുകാലിക വിജ്ഞാനം വളർത്തൽ | പത്രവാർത്ത അവതരണം, പൊതുവിജ്ഞാന ക്വിസ് പ്രസംഗ മത്സരം | ജൂൺ -മാർച്ച് | 5-10 | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 5. സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തൽ. | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കൽ | വർഷം മുഴുവൻ | 5 -10 | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 6. ഭൂപടവായന കുട്ടികളിൽ വളർത്തൽ | അറ്റ്ലസ്, ഭൂപടങ്ങൾ, ഗ്ലോബുകൾ എന്നിവ പരിചിതമാക്കൽ | വർഷം മുഴുവൻ | 5 - 10 | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 7. പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുക | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ | വർഷം മുഴുവൻ | 5-10 | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 8. ജനാധിപത്യം, പൗരബോധം എന്നീ മൂല്യങ്ങൾ വളർത്തൽ | സ്കൂൾ പാർലമെന്റ്,മോക്ക് പാർലമെന്റ് | പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങൾ | 5-10 | സാമൂഹ്യശാസ്ത്ര അധ്യാപകൻ പി.ടി.എ, എസ്.എം.സി സുമനസുകൾ |

# ഹൈസ്കൂൾ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം അക്കാദമിക മാസ്റ്റർ പ്ലാൻ 2025– 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കൃഷിയോടുള്ള ആഭിമുഖ്യം വളർത്തിയെടുക്കുക, സ്വയം തിരിച്ചറിവ് ഉണ്ടാക്കിയെടുക്കുക. | പൂന്തോട്ടനിർമ്മാണം, കർഷകരുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. കുട്ടികളിൽ ആത്മവിശ്വാസം വളർത്തക്ക രീതിയിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ജൂൺ - ജൂലൈ | പ്രവൃത്തിപരിചയ അധ്യാപിക | പി.ടി.എ, എച്ച്.എം |
| 2. ഉല്പാദന രംഗത്തെ സ്വാശ്രയത്വം | വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകുന്നു. | ആഗസ്റ്റ് - ഒക്ടോബർ | പ്രവൃത്തിപരിചയ അധ്യാപിക | |
| 3. പിരിമുറുക്കത്തിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നു. | മാനസികോല്ലാസം നൽകുന്ന ക്ലാസ്സും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ഒക്ടോബർ - നവംബർ | പ്രവൃത്തിപരിചയ അധ്യാപിക | |
| 4. തൊഴിൽ ചെയ്യുന്നവരെ ആദരിക്കുകയും സാമൂഹിക ബോധമുള്ള പുതിയ ഒരു തൊഴിൽ സംസ്കാരത്തിന്റെ വക്താക്കളായി പുതിയ തല മുറയെ വാർത്തെടുക്കുകയും ചെയ്യുക. | ഓരോ കുട്ടിയുടെയും പ്രത്യേകം കഴിവുകൾ തിരിച്ചറിഞ്ഞ് അതിൽ പരിപാലനം നൽകുന്നു. | അക്കാദമി വർഷം | പ്രവൃത്തിപരിചയ അധ്യാപിക | പി.ടി.എ, എച്ച്.എം |
| 5. പ്രതിഭകളെ കണ്ടെത്തൽ | സ്കൂൾ തലത്തിൽ പ്രവൃത്തി പരിചയമേളകൾ സംഘടിപ്പിക്കുന്നു. | ഒക്ടോബർ | അധ്യാപകർ | എച്ച്.എം |
| 6. ഉപയോഗയോഗ്യമായ വസ്തുക്കളുടെ നിർമ്മാണം | പാഴ്വസ്തുക്കൾ ഉപയോഗിച്ച് ഉപയോഗ യോഗ്യമായ വസ്തുക്കളുടെ നിർമ്മാണത്തിൽ പരിശീലനം നൽകുന്നു. | ഡിസംബർ - ജനുവരി | പ്രവൃത്തിപരിചയ അധ്യാപിക | |
| 7. തൊഴിൽ സാധ്യതകൾ കണ്ടെത്തുക. | പല തൊഴിൽ മേഖലകളിൽ ഉള്ള പ്രഗത്ഭരുമായി സംവാദം സംഘടിപ്പിക്കുന്നു. | ഫെബ്രുവരി | പ്രവൃത്തിപരിചയ അധ്യാപിക | പി.ടി.എ, എച്ച്.എം പൊതുജനങ്ങൾ |

# ഹൈസ്കൂൾ മലയാളം
# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025– 26

**ലക്ഷ്യം** : **സന്നദ്ധതാ പ്രവർത്തനങ്ങൾ, എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക, ഭിന്നശേഷി കുട്ടികൾക്കായുള്ള പ്രവർത്തനം**

**കാലയളവ്** : **ജൂൺ മുതൽ ഫെബ്രുവരി വരെ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ഭൗതികം | ചുമതല | പിന്തുണ വിലയിരുത്തൽ | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1. സന്നദ്ധതാ പ്രവർത്തനങ്ങൾ | ലഹരി ഉപയോഗത്തിനെതിരെ, ട്രാഫിക് നിയമങ്ങൾ, വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, ആരോഗ്യം വ്യായാമം, കായികക്ഷമത, ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം, റാഗിങ്, വൈകാരിക നിയന്ത്രണമില്ലായ്മ, പരസ്പര സഹകരണത്തിന്റെ പ്രാധാന്യം | ജൂൺ 3 - 12 | 8 - 10 | സി ഡി<br>ലൈബ്രറി<br>ചിത്രങ്ങൾ<br>ബോധവൽക്കരണക്ലാസ് | അധ്യാപകർ<br>റിസോഴ്സ് ടീച്ചർ | എച്ച്.എം<br>പി.ടി.എ | |
| 2. വായിക്കാനും എഴുതാനും ബുദ്ധിമുട്ടുള്ള കുട്ടികളെ കണ്ടെത്തൽ,അക്ഷരബോധനം നടത്തുന്നു. ചിഹ്നബോധനം | ഓരോ ക്ലാസ്സിലും മലയാളം പഠിപ്പിക്കുന്ന അധ്യാപകർ ലഘുചോദ്യങ്ങൾ നൽകി വായിക്കാനും എഴുതുവാനും ബുദ്ധിമുട്ടുള്ള കുട്ടികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ എഴുതിയ കാർഡുകൾ പ്രദർശിപ്പിക്കുന്നു. അക്ഷരങ്ങൾ തിരിച്ചറിയുക.<br>അക്ഷരമാല എഴുതാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.<br>ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ് എഴുതാൻ പരിശീലിപ്പിക്കുന്നു | ജൂൺ 15 - 30 | 8 - 10 | ലഘുചോദ്യം<br>അക്ഷരകാർഡ്<br>അക്ഷരമാല<br>പുസ്തകം<br>ഐ.സി.ടി<br>ചിഹ്നങ്ങൾ<br>എഴുതിയ കാർഡ് പ്രദർശനം | മലയാളം അധ്യാപിക | കുട്ടികൾ എഴുതിയ/ വായിച്ച ചോദ്യങ്ങൾ വിലയിരുത്തൽ<br>കുട്ടികളുടെ നോട്ടുബുക്കുകൾ നോക്കി വിലയിരുത്തുന്നു. വിലയിരുത്തൽ ചോദ്യങ്ങൾ നൽകി ശേഷികൾ ആർജിച്ചിട്ടുണ്ടോ എന്ന് മനസ്സിലാക്കുന്നു | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | കേട്ടെഴുത്തുകൾ, ലഘുപരീക്ഷകൾ തുടങ്ങിയവ നടത്തുന്നു. | |
| 3. മലയാള ഭാഷാപഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുകയും ഭാഷയിൽ താൽപര്യം ജനിപ്പിക്കുകയും ചെയ്യുക. | മലയാള അക്ഷരങ്ങൾ ക്രമമായി എഴുതുകയും അവ കൈമാറി പരിശോധിക്കുന്നതിന് അവസരം നൽകുകയും ചെയ്യുന്നു. അധ്യാപകന്റെ ഇടപെടലും ആവശ്യമാണ്. അവധിക്കാലത്ത് ഉണ്ടായ ഒരു അനുഭവമോ യാത്രാവിവരണമോ തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. ഈ പ്രവർത്തനങ്ങളിലൂടെ എഴുതുന്നതിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെയും മികച്ച സർഗശേഷി പ്രകടമാക്കുന്ന കുട്ടികളെയും തിരിച്ചറിയുന്നു. പിന്നാക്കം നിൽക്കുന്നവർക്കായി പ്രത്യേക പരിശീലനം സംഘടിപ്പിക്കും (അക്ഷരങ്ങളുടെ ഉറപ്പിക്കൽ, അടയാളങ്ങൾ ഉറപ്പിക്കൽ, അക്ഷരങ്ങൾ എഴുതിയ കാർഡ് നൽകി വാക്ക് നിർമ്മിക്കൽ, വാക്യം നിർമ്മിക്കൽ) | ജൂലൈ ആഗസ്റ്റ് | 8 - 10 | ചിത്രങ്ങൾ, സി.ഡി, പുസ്തകങ്ങൾ, ഐ.സി.ടി | മലയാളം അധ്യാപിക | | |
| 4 മലയാള ഭാഷാവ്യവഹാരങ്ങൾ തെറ്റു കൂടാതെ എഴുതാനും ആവിഷ്കരിക്കാനും ഉള്ള ശേഷി വികസിപ്പിക്കുന്നതിന്. | നൂതനപദങ്ങൾ കണ്ടെത്തുക, ഔചിത്യകൽപന തിരിച്ചറിയുക, വിശകലനക്കുറിപ്പ്, താരതമ്യക്കുറിപ്പ്, കഥാപാത്രനിരൂപണം എന്നീ പ്രവർത്തനങ്ങളിലൂടെ ആസ്വാദനം, ലേഖനം, നിരൂപണം, കത്ത്, മുഖപ്രസംഗം എന്നിവ തയാറാക്കൽ. കഥ, കവിത യാത്രാവിവരണം തുടങ്ങിയവ തയ്യാറാക്കുന്നു. അവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു. തിരക്കഥാ രചന, നാടകരചന, ഈണം കണ്ടെത്തൽ, അഭിനയം എന്നിവയ്ക്കും അവസരം ഒരുക്കൽ. | സെപ്റ്റ-ഒക്ടോ | 8 - 10 | നിഘണ്ടു, പുസ്തകം, സി.ഡി, ബ്ലോഗുകൾ സമഗ്ര-പോർട്ടൽ | മലയാളം അധ്യാപകൻ ലൈബ്രേറിയൻ റിസോഴ്സ് ടീച്ചർ | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 5. മലയാള ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക. | സ്വന്തം രചനകൾ ഓരോരുത്തരും നിർമ്മിച്ച ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള അവസരം ഒരുക്കൽ.കഥ, കവിത എന്നിവ സ്വന്തം ശബ്ദത്തിൽ ആലപിച്ചും അവതരിപ്പിച്ചും ശബ്ദലേഖനം ചെയ്യുന്നു. | നവം-ഡിസം | 8 - 10 | കമ്പ്യൂട്ടർ ഇന്റർനെറ്റ് | അധ്യാപിക | എസ്.ഐ റ്റി.സി | |
| 6. ഭിന്നശേഷി കുട്ടികൾക്കുള്ള പ്രവർത്തനം | ഓരോ കുട്ടികൾക്കും അനുയോജ്യമായ രീതിയിൽ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു. | ജനു-ഫെബ്രു | 8 - 10 | സചിത്ര ക്ലാസുകൾ ഐ.സി.ടി | റിസോഴ്സ് അധ്യാപകർ | പിന്തുണ ആവശ്യമുള്ള വർക്ക് തുടർ പ്രവർത്തനം നൽകുന്നു. | |

# HS ENGLISH
# Academic Master Plan
# 2025- 26

Vision :To create a supportive and challenging learning environment that fosters a love of English language and literature.

Mission :To provide a rigorous and engaging English curriculum that develops LSRW skills and 3 C's

| Learning Objectives | Activities | Duration | Important Days | Responsibilities |
|---|---|---|---|---|
| 1. Enable the children to speak fluently and confidently in the target language. | English Assembly, Discussion, English Reading corner, Poetry, Workshops, Speech etc. | Once in 3 months<br>Classroom presentations | June 5$^{th}$ - World Environment Day | English Teacher |
| 2. Enable the children to develop and excel in presentation skills. (Performance bbased activities) | Pannel Discussion<br>Channel Reporting<br>News Reading<br>Choreography, Role play | Class room presentations (In relation with lessons) | | All English teachers<br>PTA, HM |
| 3. Enable the students to read and develop extra reading skills. | Book Review.<br>Quiz on Literature.<br>Debates based on Books<br>Literature Workshops.<br>Composing poems.<br>Appreciation of poems. | Once in 2 months (Open stage) | June 19th Reading Day | HM, PTA,Teachers |
| 4. Enable the children to write express thoughts and ideas in written form using correct vocabulary and structure, | Story completion<br>Writing comic strips<br>Picture reading<br>Construction of dialogues<br>Writing caption/ foot notes | Class room presentation in relation with lessions | June 21$^{st}$ International Yoga Day<br>June 26$^{th}$ Anti-Narcotics Day | English teachers<br>Students<br>English club |

| | | | | |
|---|---|---|---|---|
| 5. Enable the children to interact freely in the language. | Conducting field trips (Maximum language exposure through English language) | In December | | HM, Teachers PTA, Students |
| | Public speaking on the Topic given "I have a Dream", "Motivational Talk" | In the open stage | July 5 Basheer Day | |
| 6. Enable the students to read with correct stress and pronounciation. | Reading News report<br>News reading competitions.<br>"Readers Theatre". | | July 12 MalayalamDay | Teachers, HM PTA,MPTA |
| 7. Enable the students to develop a chance to realize peer group assistance to value, evaluate and appreciate | Peer group activities<br>Check list<br>Questionnaires<br>Interview<br>Seminar Paper | In relation with lesson<br>(Promotes Co-learning where it is necessary) | Aug 6 Hiroshima Day<br>Aug 15 Independence Day | All Eng Trs PTA, Eng Club |
| 8. Enable the children to dramatise particular scenes | Taking particular scenes from the course book and act it, Puppet show. | After the particular lesson (Open stage) | Sep 5 Teacher's Day | Eng Club Trs, HM,PTA |
| 9. Enable the slow learners to read and write. | Helping hand programme to the low achievers. Picture Cards , Word cards, Sentence Cards, Using ICT | From the beginning of the Academic year itself Conducting various activities to help them. | Oct 2 Gandhi Jayanthi | Subject Council<br>Eng Trs, PTA<br>Peer group |
| 10. Enable the students to communicate through the global language. | Public speaking on the topic given "Interview with a Foreigner" | Dec - Jan | Nov 14 Children's Day | Eng Club Trs, HM, PTA |

| | | | | |
|---|---|---|---|---|
| 11. Enable the children to conduct debates. | Spending time with native speakers. Conducting debates. | | Dec 3 Day of differently abled. | SRG Trs |
| 12. Enable the children to start a vocabulary book of useful words, meanings. | Attach a new word on the Flannel board. Ask them to write the meaning of that word and put it in the box kept in the auditorium. | From the beginning of the Academic year | Dec 25 MT Death Anniversary | English Club |
| 13. Enable the children to present a seminar paper | How learning English can boost your life goals ? | | June 30 Martyr’s Day | Eng Trs |

| | |
|---|---|
| Academic Goals | : Specific, measurable goals for student achievement |
| Technology Integration | : Utilize digital tools to enhance teaching and learning. |

/

| | |
|---|---|
| Formative assessment | : Regular quizes, class discussions and writing assignments. |
| Summative Assessment | : Unit tests, Exams and final projects. |
| Authentic assessment | : Presentations and performances that demonstrate learning. |

Subject Council (English)

Academic goals : Specific, measurable goals for student achievement plan for technology integration.

Identify effective teaching methods and approaches.

Grading Indicators/ Value points (Students familiarise with) of different discourses.

Develop communication skills.